DESPATCHED
On.16/3/22....



04/03/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1929(4)/*2021/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.15660/*എസ്.ഐ.സി-ജി 2/2021*)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
(തീയതി **04.03.2022**)

ശ്രീ. ഈപ്പൻ തോമസ്,
ബി 13 ജി.എൻ.ആർ.എ,
ജയപ്രകാശ് ലൈൻ,
കുടപ്പനക്കുന്ന് (പി.ഒ),
തിരുവനന്തപുരം- 695 043.
അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,
ജനഹിതം, ടി.സി.27/6(2), വികാസ്ഭവൻ പി.ഒ,
തിരുവനന്തപുരം – 695 033.

2. അപ്പീൽ അധികാരി &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,
ജനഹിതം, ടി.സി.27/6(2), വികാസ്ഭവൻ പി.ഒ,
തിരുവനന്തപുരം – 695 033.
എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 09.08.2021 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, ആവശ്യപ്പെട്ട വിവരങ്ങൾ 21.09.2021 ൽ കിട്ടിയ

മറുപടിയിൽ ലഭിച്ചില്ലെന്നും, ഇതിനുശേഷം 09.09.2021 ൽ നൽകിയ ഒന്നാം അപ്പീലിനും 05.10.2021 ൽ മറുപടി ലഭിച്ചെങ്കിലും, ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി ലഭിച്ചില്ല എന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷന് നൽകിയ അപ്പീൽ ഹർജിയിൽ പറഞ്ഞു.

3. ഒന്നാം എതിർകക്ഷിയുടെ ഓഫീസായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ, തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ കുറ്റമറ്റതാക്കുന്നതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചതിൻപ്രകാരം താൻ 27.05.2021 ൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ചായിരുന്നു അപ്പീൽ ഹർജിക്കാരന്റെ ചോദ്യം. നിർദ്ദേശങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷിയുടെ ഓഫീസ് കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പും, അത്തരം ഒരു തീരുമാനം വൈകുന്നതിന്റെ കാരണവുമാണ് അപ്പീൽ ഹർജിക്കാരൻ ചോദിച്ചിരുന്നത്.

4. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 24.02.2022 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

5. 09.08.2021 ലെ അപേക്ഷയ്ക്ക് 09.09.2021 നകം മറുപടി നൽകേണ്ടതിനു പകരം 12 ദിവസം വൈകി 21.09.2021 ലാണ് ഒന്നാം എതിർകക്ഷി മറുപടി കത്ത് നൽകിയതെന്ന് അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു. അതിലാകട്ടെ പ്രസക്തമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അവലോകനം ചെയ്യുന്നതിനായി വിദഗ്ധ സമിതിയെ ഏൽപ്പിക്കുന്നതിനു തീരുമാനിച്ചുവെന്നും, അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയെന്നും, ഓരോ നിർദ്ദേശത്തിലും വെവ്വേറെ തീരുമാനങ്ങൾ എടുത്തിട്ടില്ലാത്തതാണെന്നുമായിരുന്നു നൽകിയ മറുപടി എന്നും അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി. വിവരാവകാശ നിയമത്തിന്റെ 2(f) വകുപ്പ് പ്രകാരം പൊതു വിവരാവകാശ ഓഫീസർക്ക് അഭിപ്രായങ്ങൾ കൂടി (information) നൽകാൻ ബാധ്യതയുണ്ടെന്നും അപ്പീൽ ഹർജിക്കാരൻ വാദിച്ചു.

6. മൊത്തം 400 നിർദ്ദേശങ്ങളാണ് ലഭിച്ചതെന്നും, അവയ്ക്ക് ഓരോന്നിനും ഇനം തിരിച്ച് മറുപടി നൽകാൻ പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതുകൊണ്ടാണ് അങ്ങനെ

ചെയ്യാതിരുന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. അപ്പീൽ ഹർജിക്കാരൻ നൽകിയ നിർദ്ദേശത്തിൽ ചില ക്രമസമാധാന വിഷയങ്ങൾ അടങ്ങിയിരുന്നുവെന്നും, ആയതുകൊണ്ട്, അക്കാര്യത്തിൽ വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷമേ നൽകാൻ കഴിയുമായിരുന്നുള്ളൂ എന്നും, വിദഗ്ധ സമിതി പരിശോധിച്ച് അത്തരം ഒരു തീരുമാനം എടുക്കാത്തതുകൊണ്ടാണ് അത് നൽകാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. അപ്പീൽ ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്ത് എന്നതിന് കൃത്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാൻ 12 ദിവസം വൈകിയത് മന:പൂർവ്വമല്ലെന്നും, തിരക്കിൽ സംഭവിച്ചുപോയതാണെന്നും, ആയത് മാപ്പാക്കണമെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

7. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷിക്ക് നൽകാൻ കഴിയുന്ന നിയമപരമായ മറുപടി ടിയാൻ നൽകിക്കഴിഞ്ഞതായി കമ്മീഷൻ നിരീക്ഷിക്കുന്നു. മറുപടി വൈകിയതിനുള്ള കാലതാമസം മാപ്പാക്കണമെന്ന് ടിയാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അപ്പീൽ ഹർജിക്കാരന്റെ രണ്ടാമത്തെ ചോദ്യം, പരാതിയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാൻ വൈകിയതിന് കാരണം എന്ത് എന്നത് വിവരാവകാശ നിയമപ്രകാരം ചോദിക്കാൻ കഴിയുന്ന കാര്യം അല്ല. ചോദിച്ചാൽ തന്നെ, അതിന് മറുപടി പറയാൻ എസ്.പി.ഐ.ഒ ആയ ഒന്നാം എതിർകക്ഷി ബാധ്യസ്ഥനുമല്ല.

8. 2(f) പ്രകാരം അഭിപ്രായങ്ങൾ നൽകാമെന്ന അപ്പീൽ ഹർജിക്കാരന്റെ വാദം തികച്ചും സാങ്കേതികമാണ്. അപ്പീൽ ഹർജിക്കാരൻ അർത്ഥമാക്കുന്ന 'അഭിപ്രായങ്ങൾ' എസ്.പി.ഐ.ഒ യുടെ ഓഫീസിലെ ഫയലുകളിലോ, റിക്കാർഡുകളിലോ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ടി വാദത്തിന് പ്രസക്തി ഉള്ളൂ. ഇതെല്ലാം പരിഗണിക്കുമ്പോൾ, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയും, ഹിയറിംഗിൽ നൽകിയ മൊഴിയും വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

9. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 04.03.2022 ന് ഉത്തരവാകുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re